# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. രാജൻ. എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച ഉത്തരവിലെ ആനുപാതിക സ്ഥാനക്കയറ്റ പ്രാബല്യതീയതി ഭാഗികമായി പുനഃക്രമീകരിച്ചുകൊണ്ടും, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് ആനുപാതിക സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

പരാമർശം :
1) ജി.ഒ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
2) ഈ കാര്യാലയത്തിൽ നിന്നുള്ള 19.11.2019-ലെ ഇതേ നമ്പർ ഉത്തരവ്
3) ഈ കാര്യാലയത്തിലെ 08.11.2019 തീയതിയിലെ എ1-5300/2014/ സിഇ/തസ്വഭവ നമ്പർ ഉത്തരവ്
4) ഈ കാര്യാലയത്തിലെ 21.11.2019 തീയതിയിലെ എ1-5300/2014/ സിഇ/തസ്വഭവ (1), (2) നമ്പർ ഉത്തരവുകൾ
5) ഈ കാര്യാലയത്തിലെ 01.01.2020 തീയതിയിലെ എ1-5300/2014/ സിഇ/തസ്വഭവ (1), (2) നമ്പർ ഉത്തരവുകൾ
6) ഈ കാര്യാലയത്തിൽ നിന്നുള്ള 31.01.2020-ലെ എ2-600/2020/ സിഇ/തസ്വഭവ നമ്പർ ഉത്തരവ്
7) ഈ കാര്യാലയത്തിൽ നിന്ന് 10.10.2019-ൽ പ്രസിദ്ധീകരിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഇതേ നമ്പർ സംസ്ഥാനതല ഏകീകൃത അന്തിമ മുൻഗണനാപ്പട്ടിക

## ഉത്തരവ് നം . എ2-10003/2013/സിഇ/തസ്വഭവ തീയതി. 13.05.2020

ഈ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് 1:2 അനുപാതത്തിൽ മേൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനുപാതിക സ്ഥാനക്കയറ്റം അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട ക്രമ നം. 12 ശ്രീ. സുരേഷ്. വി, ക്രമ നം. 16 ശ്രീ. ഷംസുദ്ദീൻ വി.പി എന്നിവർക്ക് ക്ലർക്ക് തസ്തികയിൽ ലഭിച്ച തസ്തികമാറ്റ നിയമനത്തിൽ നിന്ന് ടി ജീവനക്കാരെ ഒഴിവാക്കി പൂർവതസ്തികയായ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പുനഃസ്ഥാപിച്ചുകൊണ്ടും, ടി ജീവനക്കാർക്ക് പകരം ശ്രീ. മധു. സി (ക്രമ നം. 14), ശ്രീ. ജിതേഷ് ആർ.സി (ക്രമ നം. 17) എന്നീ ജീവനക്കാർക്ക് ക്ലർക്ക് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ചും പരാമർശം (4), (5) എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ക്രമ നം. 12 ശ്രീ. സുരേഷ്. വി, ക്രമ നം. 16 ശ്രീ. ഷംസുദ്ദീൻ വി.പി എന്നീ ജീവനക്കാരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ മേൽ പരാമർശം (2) ആനുപാതിക സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെടുത്തിക്കൊണ്ടും, പ്രസ്തുത ഉത്തരവിലെ ക്രമ നം. 72 ശ്രീ. ഉദയകുമാർ കെ.ആർ, ക്രമ നം. 73 ശ്രീമതി. ശ്രീകല ആർ എന്നീ ജീവനക്കാർക്ക് നൽകിയ ആനുപാതിക സ്ഥാനക്കയറ്റ പ്രാബല്യ തീയതി യഥാക്രമം 21.11.2019, 01.01.2020 എന്നീ തീയതികളിൽ പുനഃക്രമീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

മേൽ പരാമർശം (6) ഉത്തരവ് പ്രകാരം ക്രമ നം. 32 ശ്രീ. നാരായണൻ കെ.വി-യ്ക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സംസ്ഥാനതല ഏകീകൃത അന്തിമ മുൻഗണനാപ്പട്ടികയിലെ ക്രമ നം. 74 ശ്രീ. സുനിൽ കുമാർ പി.ബി-യ്ക്ക്, 31.01.2020 തീയതി പ്രാബല്യത്തിൽ മേൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി ₹ 17000-37500 രൂപ ശമ്പളസ്കെയിലിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒന്നാം സമയബന്ധിത ഹയർഗ്രേഡ് ലഭിച്ച ജീവനക്കാർക്ക് ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്നതല്ല. ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്ന ജീവനക്കാർക്ക് കേരള സർവീസ് ചട്ടം 23(C) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കൂ.

എല്ലാ നിയന്ത്രണാധികാരികളും ടി ഉത്തരവ് www.celsgd.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ജീവനക്കാർക്ക് നൽകേണ്ടതും, ടി ജീവനക്കാരുടെ സേവന പുസ്തകത്തിൽ ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

വ്യക്തികൾക്ക് (നിയന്ത്രണാധികാരികൾ മുഖേന)

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 322